# ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപത

**ഇടയലേഖനം 2**

ദൈവപരിപാലനയിൽ ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതയുടെ മെത്രാനായ മാർ ജോസഫ് സ്രാമ്പിക്കൽ രൂപതയിലെ വൈദികർക്കും സന്യാസിനീസന്യാസി കൾക്കും  വിശ്വാസികൾ ഏവർക്കും എഴുതുന്നത്.

## സൃഷ്ടിക്കുകയും നവീകരിക്കുകയും തിരുസഭയെ പടുത്തുയർത്തുകയും ചെയ്യുന്ന തിരുവചനം

മിശിഹായിൽ പ്രിയ ബഹുമാനപ്പെട്ട വൈദികരെ, സന്യസ്തരെ, മാതാപിതാക്കളെ, സഹോദരീ സഹോദരന്മാരെ, കുഞ്ഞുങ്ങളെ,

നമ്മുടെ കുടുംബങ്ങളിലും സമൂഹങ്ങളിലും "സുവിശേഷകന്റെ വേല" (2 തിമോ 4:5) തുടരുന്നതിനായി അടുത്തുവരുന്ന എപ്പാർക്കിയൽ ബൈബിൾ കൺവൻഷന്റെയും ബൈബിൾ കലോത്സവത്തിന്റെയും പശ്ചാത്തലത്തിൽ വചനത്തെക്കുറിച്ച് വിചിന്തനം ചെയ്യാൻ എനിക്ക് അതിയായ സന്തോഷമുണ്ട്. ദൈവവചനത്തിന്റെ വിരുന്നിനായി നമുക്ക് ഒരുങ്ങാം. നമ്മെതന്നെ നവീകരിക്കുന്ന ഈ വചനാഘോഷങ്ങളിൽ താത്പര്യപൂർവ്വം പങ്കുചേരാം.

ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും അനന്തജ്ഞാനത്താൽ മനുഷ്യനെ സൃഷ്ടിക്കുകയും വചനത്താൽ ഈ പ്രപഞ്ചത്തെ ഉരുവാക്കുകയും ചെയ്തു (ജ്ഞാനം 9:1). ഉല്പത്തി പുസ്തകത്തിൽ ആദ്യ അദ്ധ്യായങ്ങളിൽ ദൈവിക പദ്ധതിയോട് മറുതലിച്ച മനുഷ്യൻ പാപത്തിൽ വീഴുന്നത് നാം വായിക്കുന്നു. എന്നാൽ മനുഷ്യന് നഷ്ടമായ മഹത്വം വീണ്ടെടുത്ത് നല്കാൻ തന്റെ ഏകജാതനെ നല്കുവാൻ തക്കവിധം ദൈവം കാരുണ്യവാനും ഔദാര്യവാനുമായി (യോഹ 3:16). തിരുസഭയുടെ അനന്യത മനുഷ്യാവതാരം ചെയ്ത ഈശോ മിശിഹാ എന്ന രക്ഷാദാനത്തിലാണ്, ദൈവം മനുഷ്യനായി അവതരിച്ച രക്ഷാകരസംഭവത്തിലാണ് കുടികൊള്ളുന്നത്. അവനാണ് ദൈവീക വെളിപാടിന്റെ പൂർണ്ണതയും വാഗ്ദാനങ്ങളുടെ പൂർത്തീകരണവും ദൈവമനുഷ്യ സമാഗമത്തിന്റെ ഏക മദ്ധ്യസ്ഥനും. ക്ലെയർവോക്സിലെ വിശുദ്ധ ബെർണ്ണാർദ് പഠിപ്പിക്കുന്നു: ക്രിസ്തു മതം ദൈവവചനത്തിന്റെ മതമാണ്. എന്നാൽ എഴുതപ്പെട്ട നിശ്ശബ്ദ വചനത്തിന്റെയല്ല മറിച്ച് മനുഷ്യാവതാരം ചെയ്ത ജീവനുള്ള വചനത്തിന്റേതാണ്. ഇന്ന് നാം ഈ അവതരിച്ച വചനത്തെ കണ്ടെത്തുന്നത് സഭയിലാണ്. സഭ എന്ന വാക്ക് വചനത്താൽ വിളിച്ചുകൂട്ടപ്പെട്ടവരുടെ കൂട്ടായ്മ എന്നർത്ഥം വരുന്ന എക്ലേസിയ എന്ന ഗ്രീക്ക് പദത്തിൻ നിന്ന് ഉത്ഭവിച്ചതാണ്. ഈശോയെ ദൈവപുത്രനായി സ്വീകരിച്ചവർക്കും അവനിൽ വിശ്വസിച്ചവർക്കുമാണ് ദൈവമക്കളാകാൻ കഴിവു ലഭിക്കുന്നത് (യോഹ 1:12). ഈശോ സജീവവും സനാതനവുമായ ദൈവവചനമാണ് (1 പത്രോ 1:23). ഈ വചനത്തിൻമേലാണ് തിരുസഭ പണിയപ്പെട്ടിരിക്കുന്നത്. ദൈവജനം ശക്തി കണ്ടെത്തുന്നത് വചനത്തിൽ നിന്നാണ്. ഇന്നും തിരുസഭ വളരുന്നത് തിരുവചനം വായിച്ചും കേട്ടും പഠിച്ചും ആഘോഷിച്ചുമാണ്. അതുകൊണ്ട് മിശിഹായെ വ്യക്തിപരമായും സമൂഹമായും തിരുവചനത്തിൽ കണ്ടുമുട്ടുവാനുള്ള എല്ലാ അവസരങ്ങളെയും നമുക്ക് സ്വാഗതം ചെയ്യാം.

'സുവിശേഷത്തിന്റെ ആനന്ദം' എന്ന ചാക്രിക ലേഖനത്തിൽ പരിശുദ്ധ പിതാവ് ഫ്രാൻസീസ്

മാർപാപ്പ ആഹ്വാനം ചെയ്യുന്നതുപേലെ ഈശോ മിശിഹായുമായുള്ള വ്യക്തിഗത കണ്ടുമുട്ടലി നായി സീറോ മലബാർ ഗ്രേറ്റ് ബ്രിട്ടൺ രൂപതയിലെ എല്ലാ വിശ്വാസികളെയും ഞാൻ ക്ഷണിക്കു കയാണ്. കുറഞ്ഞ പക്ഷം ഈശോ നമ്മളെ കണ്ടുമുട്ടുവാനുള്ള ഒരു തുറവിയെങ്കിലും നമുക്ക് പ്രകടമാക്കാം. ഈ കണ്ടുമുട്ടൽ നമ്മെ സുവിശേഷത്തിന്റെ ആനന്ദത്തിന്റെ അനുഭവത്തിലേക്ക് നയിക്കും. രക്ഷയ്ക്കായുള്ള ഈശോയുടെ ആഹ്വാനം സ്വീകരിച്ചവർ പാപത്തിന്റെയും ദുഖത്തി ന്റെയും ആന്തരിക ശൂന്യതയുടെയും ഏകാന്തതയുടെയും പിടിയിൽ നിന്ന് മോചിതരാകും. എന്നാൽ വചനത്തോടുള്ള തുറവിയ്ക്ക് തടസ്സമായി നമ്മുടെ ജീവിതത്തിൽ അനേകം ഘടകങ്ങ ളുണ്ട്. അതിൽ പ്രധാനം സ്വാർത്ഥ താത്പര്യങ്ങളും ആകുലതകളും നിറഞ്ഞ മനസ്സാണ്. അവിടെ സഹോദരങ്ങൾക്ക് സ്ഥാനമില്ല. ദരിദ്രർക്ക് പ്രവേശനമില്ല. നമ്മുടെ ജീവിതവ്യാപാരവ്യഗ്രതയിൽ ദൈവസ്വരം കേൾക്കപ്പെടുന്നില്ല; അവിടുത്തെ സ്നേഹത്തിന്റെ ആനന്ദം അനുഭവപ്പെടുന്നില്ല; നന്മ ചെയ്യുവാനുള്ള ആഗ്രഹങ്ങൾ ഇല്ലാതായിപ്പോകുന്നു. എന്നാൽ പ്രഥമ എപ്പാർക്കിയൽ ബൈബിൾ കൺവെൻഷൻ ഈശോമിശിഹായോടും അവിടുത്തെ സുവിശേഷത്തോടുമുള്ള തുറവിയി ലേക്കും അതുവഴി അവിടുന്നുമായുള്ള വ്യക്തിപരമായ ബന്ധത്തിലേക്കും വളരുവാനുമുള്ള അവ സരം നമുക്ക് പ്രദാനം ചെയ്യുന്നു.

എപ്പോഴെല്ലാം നാം ഈശോയിലേക്ക് ഒരു ചുവടുവയ്ക്കുന്നുവോ അപ്പോഴെല്ലാം അവിടുന്ന് വിരിച്ച കരങ്ങളുമായി നമ്മെ ആശ്ലേഷിക്കാൻ ഒരുങ്ങി കാത്ത് നിൽപുണ്ട് എന്ന് നാം തിരിച്ചറിയും (ലൂക്കാ 15:11-24). നമ്മോട് ക്ഷമിച്ച് ദൈവം ഒരിക്കലും ക്ഷീണിച്ചിട്ടില്ല മറിച്ച് ക്ഷമചോദിക്കുന്ന തിൽ നാമാണ് മടികാണിക്കുന്നത് (EG 3) എന്ന ചിന്ത എത്രയോ ആശ്വാസദായകമാണ്. നിരാശ യിൽ പെട്ടു പോകുമ്പോൾ വചനം നമുക്ക് പ്രത്യാശ പകരുന്നു. "കർത്താവിന്റെ സ്നേഹം ഒരി ക്കലും അസ്തമിക്കുന്നില്ല, അവിടുത്തെ കാരുണ്യം അവസാനിക്കുന്നില്ല. ഓരോ പ്രഭാതത്തിലും അത് പുതിയതാണ്" (വിലാ 3:22-23a). ഉത്കൃഷ്ടവും നിർമ്മലവുമായ ഹൃദയത്തിലാണ് വചനമാകുന്ന വിത്ത് നൂറുമേനി വിളയുന്നതെന്ന് നാം മനസ്സിലാക്കണം (ലൂക്കാ 8:15). സമ്പൂർണ്ണ സമർപ്പണത്തിന്റെയും വിധേയത്വത്തിന്റെയും പ്രതീകമായ പരിശുദ്ധ കന്യകാ മറിയം പാപരഹി തമായ ഹൃദയത്തിലാണ് വചനത്തെ സ്വീകരിച്ചത് എന്ന് നാം ഓർമ്മിക്കണം. തിരുസഭയിലും വിശ്വാസികളുടെ ഹൃദയത്തിലും പ്രവർത്തിക്കുന്ന പരിശുദ്ധ റൂഹായോട് തുറവിയുണ്ടായാലേ തിരുവചനത്തിന്റെ പൊരുൾ നമ്മുക്ക് ഗ്രഹിക്കാനാവൂ. കന്യകാ മറിയത്തിന്റെ ഉദരത്തിൽ റൂഹായാൽ മാംസം ധരിച്ച ദൈവവചനം ഇന്നും വിശ്വാസികളുടെ ഹൃദയത്തിൽ റൂഹായുടെ ശക്തിയാലാണ് ഉരുവാകുന്നത്.

വിശ്വാസം എന്നാൽ ദൈവവചനത്തോടുള്ള മനുഷ്യന്റെ പ്രത്യുത്തരമാണ്. ഈ വിശ്വാസം കേൾവിയിൽ നിന്നും കേൾവി മിശിഹായെക്കുറിച്ചുള്ള പ്രസംഗത്തിൽ നിന്നുമാണ് ഉത്ഭവിക്കുക (റോമാ 10:17). ദൈവവചനം ശ്രവിക്കുവാനുള്ള വിമുഖതയും വചനത്തോടുള്ള അനുസരണക്കേ ടുമാണ് പാപത്തിന്റെ മൂലകാരണം. കുരിശുമരണത്തോളമുള്ള സമ്പൂർണ്ണ അനുസരണം വഴി ഈശോ ഈ പാപത്തിന് പരിഹാരം ചെയ്തു (ഫിലി 2:8). തിരുവചനത്തോടുള്ള മറുതലിപ്പാണ് പാപത്തിന്റെ വേര് എന്ന തിരിച്ചറിവ് വളരെ പ്രാധാന്യമുള്ളതാണ്. മിശിഹായിൽ ദൈവത്തിന്റെ കരുണയും ക്ഷമയും സ്വീകരിക്കുമ്പോൾ നമുക്ക് രക്ഷ ഒരു അനുഭവമായി മാറും (VD 26). പരി ശുദ്ധ അമ്മയിൽ വചനസ്വീകരണം വഴി സംഭവിച്ചത് അനുദിന വചനശ്രവണവും കൗദാശിക ജീവിതവും വഴി നമ്മിലും സംഭവിക്കുന്നു. യഥാർത്ഥത്തിൽ ശാരീരികമായി ഒരു മാതാവേ മിശി ഹായ്ക്കുള്ളുവെങ്കിലും ഓരോ വിശ്വാസിയും വിശ്വാസം മൂലം മിശിഹായ്ക്ക് ആന്തരീകമായി ജന്മം നല്കുന്നതു വഴി മിശിഹാ നമ്മളെല്ലാവരുടെയും സന്താനമാകുന്നുവെന്ന് വിശുദ്ധ അംബ്രോസ് പഠിപ്പിക്കുന്നു.

ഒരു ക്രിസ്ത്യാനി ആവുക എന്നത് ധാർമ്മികമായ ഒരു തിരഞ്ഞെടുപ്പോ ഉന്നതമായ ഒരു ആദർശമോ അല്ല മറിച്ച് ജീവിതത്തിന് ഒരു പുത്തൻ ചക്രവാളവും നിർണ്ണായകമായ ദിശയും നല്കുന്ന ഒരു സംഭവവുമായി അഥവാ ഒരു വ്യക്തിയുമായുള്ള കണ്ടുമുട്ടലാണ് എന്ന ബെന ഡിക്റ്റ് പതിനാറാമൻ പാപ്പായുടെ വാക്കുകൾ സുവിശേഷത്തിന്റെ ഹൃദയത്തിലേക്കാണ് നമ്മെ നയിക്കുന്നത്. ഈശോയുമായുള്ള ഈ നവമായ കണ്ടുമുട്ടൽ നമ്മെ ഇടുങ്ങിയതും സ്വാർത്ഥപര

വുമായ മനോഭാവത്തിൽ നിന്ന് വിമുക്തരാക്കും. ഈ ആഴമായ വിടുതൽ സ്വന്തമാക്കുന്നവർ മറ്റുള്ളവരുടെ ആവശ്യങ്ങളെക്കുറിച്ച് ബോധവാൻമാരായി അവരിലേക്ക് കടന്നുചെന്ന് അവരുടെ നന്മയ്ക്കായി പ്രവർത്തിക്കാൻ തയ്യാറാകും. ഈ അനുഭവത്തിലാണ് "മിശിഹായുടെ സ്നേഹം എന്നെ ഉത്തേജിപ്പിക്കുന്നു" (2 കോറി 5:14) എന്ന് പൗലോസ് ശ്ലീഹാ ഉദ്ഘോഷിക്കുന്നത്.

ആരെയും ഒഴിവാക്കാതെ എല്ലാവരോടും സുവിശേഷം പ്രഘോഷിക്കുക എന്നത് ഓരോ ക്രിസ്ത്യാനിയുടെയും ഉത്തരവാദിത്വമാണ്. "സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്ക് ദുരിതം" (1 കോറി 9:16) എന്ന പൗലോസ് ശ്ലീഹായുടെ വാക്കുകൾ നമ്മൾ ധ്യാനവിഷയമാക്കണം. ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ സഭയുടെ പ്രസക്തി ഇവിടെയാണ്. നമ്മുടെ സുവിശേഷ സാക്ഷ്യവും കുടുംബജീവിത മൂല്യങ്ങളും മറ്റുള്ളവരെ പ്രചോദിപ്പിക്കുകയും ദൈവാന്വേഷണത്തിലേക്ക് അവരെ നയിക്കുകയും ചെയ്യും. അനുതാപം ആവശ്യമില്ലാത്ത തൊണ്ണൂറ്റൊമ്പതു നീതിമാൻമാരെക്കാൾ അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ച് സ്വർഗ്ഗത്തിൽ കൂടുതൽ സന്തോഷം ഉണ്ടാകും (ലൂക്കാ 15:7) എന്ന ഈശോയുടെ വചനം നമ്മെ ഉണർത്തട്ടെ.

നമ്മുടെ പ്രഥമ എപ്പാർക്കിയൽ ബൈബിൾ കൺവെൻഷൻ 2017 ഒക്ടോബർ 22 മുതൽ 29 വരെയും പ്രഥമ എപ്പാർക്കിയൽ ബൈബിൾ കലോത്സവം 2017 നവംബർ 4 നും നടക്കുന്ന കാര്യം നിങ്ങൾ ഇതിനോടകം അറിഞ്ഞിരിക്കുമല്ലോ. ദൈവവചനത്തിന്റെ ശക്തിയും മഹത്വവും സൗന്ദര്യവും തിരിച്ചറിയുന്ന നവീകരണത്തിന്റെ ദിനങ്ങളായി അവ മാറട്ടെയെന്ന് ഞാൻ ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. അഭിഷേകാഗ്നി എന്ന് പേരിട്ടിരിക്കുന്ന ബൈബിൾ കൺവെൻഷൻ നയിക്കുന്നത് അട്ടപ്പാടി കേന്ദ്രമായുള്ള സെഹിയോൻ ശുശ്രൂഷകളുടെ ഡയറക്ടറായ ബഹുമാനപ്പെട്ട സേവ്യർ ഖാൻ വട്ടായിലച്ചനാണ്. ഗ്രേറ്റ് ബ്രിട്ടണിലെ എട്ടു നഗരങ്ങളിൽ എട്ടു ദിനങ്ങളിലായാണ് ഇത് ക്രമീകരിച്ചിരിക്കുന്നത്. എല്ലാ സീറോ മലബാർ വിശ്വാസികളും തിരുവചനത്തിലും തിരുസഭയിലും ഒന്നാകുന്ന കൂട്ടായ്മയുടെ അനുഭവമായി ഈ ദിനങ്ങൾ മാറട്ടെ എന്ന് പ്രാർത്ഥിക്കുന്നു. നമ്മുടെ രൂപതയിലെ ഓരോ കുടുംബവും ഓരോ അംഗവും ഒരു ദിവസമെങ്കിലും സാദ്ധ്യമായ ഏതെങ്കിലും സ്ഥലത്തെ ബൈബിൾ കൺവെൻഷനിൽ പങ്കെടുക്കുന്നതിൽ വീഴ്ച വരുത്തരുത്. അതുപോലെ നമ്മുടെ കുർബാന കേന്ദ്രങ്ങളിലെ അംഗങ്ങൾക്ക് അതതു റീജണിലെ കൺവെൻഷനിൽ പങ്കെടുക്കുവാൻ ആവശ്യമായ എല്ലാ ക്രമീകരണങ്ങളും ചെയ്തു കൊടുക്കുവാൻ നമ്മുടെ കുർബാനകേന്ദ്രങ്ങളുടെ ചുമതല വഹിക്കുന്ന എല്ലാ വൈദികരെയും ഞാൻ ആത്മാർത്ഥമായി ക്ഷണിക്കുന്നു. ബ്രിസ്റ്റളിൽ വച്ച് നടത്തപ്പെടുന്ന ബൈബിൾ കലോത്സവം നമ്മുടെ കുട്ടികൾക്ക് തിരുവചനത്തിന്റെ സൗന്ദര്യം അനുഭവിക്കുവാനുള്ള നൂതനവഴികൾ പ്രദാനം ചെയ്യുന്നതാണ്. അവരെ വചനത്തിലേക്ക് ആകർഷിക്കുവാനും തങ്ങളുടെ ക്രിയാത്മകവും സാഹിത്യപരവുമായ കഴിവുകളെ വചനാധിഷ്ഠിതമായി പ്രകടമാക്കാനും ഇത് വേദി ഒരുക്കുന്നു. ഇത് മതബോധനാത്മകവും ക്രിസ്തീയ രൂപീകരണത്തിന് ഉതകുന്നതും സാക്ഷ്യം നല്കാൻ സഹായകരവുമായതിനാൽ വൈദീകരും മതാദ്ധ്യാപകരും മാതാപിതാക്കളും ബൈബിൾ കലോത്സവത്തിൽ കുട്ടികളുടെ പരമാവധി പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതുമാണ്.

മനുഷ്യാവതാരം ചെയ്ത ദൈവവചനം നമ്മെ അനുദിനം നവീകരിക്കുകയും നമ്മുടെ രൂപതയെ പടുത്തുയർത്തുകയും ചെയ്യട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്,

മിശിഹായിൽ സ്നേഹപൂർവ്വം,

+ Joseph Srampickal

മാർ ജോസഫ് സ്രാമ്പിക്കൽ

ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതാ മെത്രാൻ

പ്രസ്റ്റൺ, 30/09/2017

---

NB: ഈ ഇടയലേഖനം ഗ്രേറ്റ് ബ്രിട്ടണിൽ സീറോ മലബാർ കുർബാന അർപ്പിക്കപ്പെടുന്ന എല്ലാ സെന്ററുകളിലും 2017 ഒക്ടോബർ 23 ന് മുമ്പ് വായിക്കേണ്ടതാണ്.